

# വർണ്ണക്കൂട്ട്

## എന്റെ ലോകം

2022

**മാർത്തോമാ**

**വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ,**

കുന്നം, വെച്ചൂച്ചിറ.

# സമർപ്പണം

**മാരിവിൽ വർണ്ണങ്ങൾ കൊണ്ട്
സ്വപ്നങ്ങൾ നെയ്യുന്നവർക്ക്...**

Digital Magazine

# സ്ക്കൂൾ പത്രാധിപസമിതി

(ഇതിന്റെ പിന്നിലെ ബുദ്ധികൾ)

**ചീഫ് എഡിറ്റർ :**

ബീന കെ., പ്രധാനാധ്യാപിക

**സ്റ്റാഫ് എഡിറ്റർ :**

എമി അലക്സാണ്ടർ

**കൈറ്റ് മിസ്ട്രസ്മാർ :**

അന്ന വർഗീസ്, ബെറ്റി വറുഗീസ്

**പത്രാധിപസമിതി അംഗങ്ങൾ :**

അനില വർഗീസ്

ബിസ്സാൽ പി ബിജു

സനീജ ഷാനവാസ്


അഹല്യ പ്രശാന്ത്

നീന വർമ്മ

അഞ്ചലിമോൾ ആർ

**പ്രധാന പ്രചോദക :**

ഡീന മേരി ലൂക്ക്



# വർണ്ണക്കൂട്ടിന്റെ താളുകൾ മറിക്കുമ്പോൾ......


എഡിറ്റർ......

പ്രധാന അധ്യാപിക യിൽ നിന്ന്.....

**അമ്മ മലയാളം**

| | |
|---|---|
| എന്റെ വിദ്യാലയം | സ്റ്റിയ മറിയ തോമസ് |
| പനിനീർ പൂവ് | നിത്യ സാബു |
| അമ്മയാണ് പുണ്യം | ദേവപ്രിയ അജേഷ് |
| അന്ന് പെയ്ത മഴയിൽ | ആരതി എസ്. നായർ |
| പൂ പോലെ ഹൃദയം | സെബിൻ തോമസ് |
| വിധിയുടെ വിധി | ദിയ അനിൽ |
| മഹത് വചനങ്ങൾ | അൽക്ക വി. അനിൽ |
| മാർച്ച് എന്ന നോവുന്ന ഓർമ്മയ്ക്ക് | അഷ്നമോൾ സാബു |
| വന്ദേമാതരം | ദിൽജിത് വി. പി. |
| ഒരു തൈ | ഷാരോൺമോൻ ലിജു |
| വായനയുടെ പ്രാധാന്യം | വിശ്വപ്രിയ ബി. |
| കൃഷി ഒരു സംസ്കാരം | ലിയ മറിയം ലിജു |

## The artist in me...... Art corner

## Queens Language English


| | |
|---|---|
| Whales | Shivan Vineeth |
| If the Sun didn't Rise | Ann Mary Raj |
| Nature | Christopher Santhosh |
| My Favourite Bird | Lenah Mary Priyesh |
| Dream of an orphan | Ananya Mariya Nelson |
| My special friend | Amal Manoj |
| My home away from my home Online-Offline | Mannesha Saji |

Memories - Photo Gallery

നന്ദിയോടെ.......

# എഡിറ്റർ......

മാരിവില്ലിന്റെ വർണ്ണങ്ങളുള്ള ഈ **വർണ്ണക്കൂട്ട്** ചില പരീക്ഷണങ്ങളുടെ തട്ടകമാണ്. മഹാമാരിയിലും, പ്രകൃതി ദുരന്തങ്ങളിലും പതറാതെ അതിജീവിച്ച ഒരു ജനസമൂഹം ആശവെച്ചു വളർത്തുന്ന സ്വപ്നങ്ങളുടെ കഥ കൂടിയാണിത്.

കുഞ്ഞു മനസ്സിലും, ചെറിയ ബുദ്ധിയിലും തെളിഞ്ഞ ചില കാര്യങ്ങൾ, ചില വരകൾ, ചില വർണ്ണക്കൂട്ടുകൾ...... കൂട്ടുകാരൻ പറഞ്ഞതുപോലെ, ചിലരുടേത് ശരിയായി, ചിലരുടേത് ശരിയായിട്ടില്ല....... രണ്ടും ഇരുകൈയും നീട്ടി സ്വീകരിക്കാമല്ലോ.

മർത്തോമാ വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂൾ, കുന്നം, 2021 -22 അധ്യയന വർഷത്തെ ഡിജിറ്റൽ മാഗസിൻ, നിങ്ങളുടെ ഓർമ്മയിൽ എന്നും തെളിഞ്ഞു നില്ക്കാൻ ഒരു **വർണ്ണക്കൂട്ട്** ആകട്ടെ.

പറക്കാൻ ചിറകുകളും, ചിറകുകൾക്ക് വർണ്ണങ്ങളും നിങ്ങൾക്ക് ഉണ്ടാകട്ടെ.

# പ്രഥമ അദ്ധ്യാപികയിൽ നിന്ന് . . . .

ജനജീവിതത്തിന്റെ സമസ്തമേഖലകളെയും ഡിജിറ്റൽ ഡിവൈസുകൾ ആവേശിച്ച് തുടങ്ങിയ ഇക്കാലത്ത് പുസ്തക കൂടുവിട്ട് കുഞ്ഞുങ്ങളും പുത്തൻ വാതായനങ്ങളിൽ ചേക്കേറിക്കഴിഞ്ഞു. Covid 19 എന്ന ഭീകര വ്യാധി പടർത്തിവിട്ട ഭയാശങ്കകളിൽ കൊച്ചു കുഞ്ഞുങ്ങൾ പോലും മൊബൈൽ ക്ലാസ്സ് മുറികളിലേക്ക് കേന്ദ്രീകരിക്കപ്പെട്ടു. വായനയുടെ, എഴുത്തിന്റെ ഇടങ്ങൾക്ക് പുത്തൻ ഭാവപ്പകർച്ചകളായി. കുഞ്ഞുങ്ങളും മാറുകയാണ്; ശാസ്ത്ര സാങ്കേതിക വിദ്യകൾക്കൊപ്പം നടന്നുകൊണ്ട്... അവരുടെ വിരൽ തുമ്പിൽ അക്ഷര വിസ്മയം മഴവില്ലഴകുകൾ തീർക്കയായി. ഈ കാലഘട്ടത്തിൽ നമ്മുടെ കുഞ്ഞുങ്ങളിൽ നിന്ന് ഉയിർക്കൊണ്ട ഭാവനാമലരുകൾ 'ഡിജിറ്റൽ മാഗസിൻ' എന്ന പ്ലാറ്റ്ഫോമിൽ ഇതാ നമ്മിലേക്കെത്തുകയായി. ഊർജ്ജസ്വലത നഷ്ടപ്പെട്ട ദിനരാത്രങ്ങളെ സജീവ ചിത്രലേഖത്തിന്റെ പ്രതലങ്ങളിലേക്ക് ആവാഹിച്ച് പുത്തൻ ആവിഷ്കാരത്തിന്റെ ഭാഷ്യങ്ങൾ ചമയ്ക്കുമ്പോൾ എനിക്ക് ഏറെ സന്തോഷമുണ്ട്; ഈ അക്ഷരമുറ്റത്തുനിന്ന് അവരോടൊപ്പം വിരലുകൾ ചേർക്കാൻ....!

എന്റെ കുഞ്ഞോമനകളുടെ സർഗ്ഗ വസന്തത്തിന് എല്ലാവിധ ആശംസകളും....!!!

**ബീന ടീച്ചർ**

# അമ്മ മലയാളം



# എന്റെ വിദ്യാലയം

സ്റ്റിയ മറിയ തോമസ്, IX A

എന്റെ വിദ്യാലയമേ! നിന്നെ ഞാൻ ധാരാളമായി സ്നേഹിച്ചുപോയി
അറിയാതെ, അറിയാതെ നിന്നെ ഞാൻ സ്നേഹിച്ചു പോയി.

അറിവുകൾ ലഭിക്കുവാൻ ഞാൻ നിന്നിൽ വന്നു,
അറിവോടെ എന്നെ നീ മടക്കി അയച്ചു.
നിന്നിൽ നിന്നു ലഭിച്ച അറിവുകൾ,
എന്നേ വിജയത്തിന്റെ പടവുകൾ കയറ്റി.

എന്റെ വിദ്യാലയമേ, നീ എനിക്ക് നൽകിയ
വിദ്യ ആകുന്ന എന്റെ ധനം.
നിനക്കൊരായിരം പ്രണാമങ്ങൾ.
എൻ ഹൃദയത്തിൻ ആദരമാം പ്രണാമങ്ങൾ.



# പനിനീർ പൂവ്

നിത്യ സാബു , IX B

പനിനീർ പൂക്കൾ വിരിഞ്ഞല്ലോ
പുഞ്ചിരി തൂകി വിരിഞ്ഞല്ലോ
കുട്ടികൾ വന്ന് പറിക്കാനായി
കാത്തുനിൽപ്പൂ പനിനീർപ്പൂ.
ആദ്യം വന്ന ഒരു കരിവണ്ട്
തേൻ നുകർന്നു പറന്നെ പോയ്
തേൻ മുഴുവൻ തീർന്നേപോയ്
പിന്നെയണഞ്ഞ വർണ്ണപൂമ്പാറ്റയ്ക്ക്
തുള്ളി പോലും കിട്ടാഞ്ഞാൽ
പാവം പനിനീർപൂവ് കരഞ്ഞു,
ഹൃദയം നൊന്തു തേങ്ങി.
കരയരുതേ നീ കരയരുതേ
പുഞ്ചിരി തൂകും നിൻ മുഖം
കാണാനെന്തൊരു ചേലാണേ.



# അമ്മയാണ് പുണ്യം

ദേവപ്രിയ അജേഷ് , IX A

പുണ്യ തീർത്ഥമാണമ്മ.
പറ്റാത്ത വാത്സല്യ പുഴയാണ് അമ്മ.
വഴിതെറ്റിയാൽ നേർവഴി കാട്ടി
ലക്ഷ്യം ആകുമെൻ അമ്മ.

വിതുമ്പും എൻ ചുണ്ടിൽ
അമ്മിഞ്ഞപ്പാൽ നുകർന്ന
ആഴിആഴമാം സ്നേഹമാണെൻനമ്മ.



വാക്ക് കൊണ്ട് എൻ മനസ്സിൽ അക്ഷരം
പഠിപ്പിച്ച ഉറച്ച സ്വരമാണമ്മ.
വറ്റാത്ത പുഴയാണമ്മ.
ഇണക്കവും പിണക്കവും
പങ്കിടും സുഹൃത്താണമ്മ.
എന്നുമെൻ  മനസ്സിന്റെ പുസ്തകത്താളിൽ
നിറയുന്ന നന്മയാണ് എന്നമ്മ.

# അന്ന് പെയ്ത മഴയിൽ

ആരതി എസ്. നായർ, IX A

അന്നപെയ്ത കുളിർ മഴയിൽ,

എൻ മനം കുളിരണിഞ്ഞ രാവിൽ,

ഓർമ്മ തൻ തോണിയിലേറി നാം,

പുതിയൊരു രാഗം മീട്ടുകയായ്.

അകലെ അകലെ

ഏഴ് കടലുകൾ താണ്ടിടും യാത്രയിലും,

ഞാനോർമിപ്പൂ: നിന്നുടെ മനോജ്ഞ ദൃശ്യങ്ങൾ -

വാകമരം പൂത്തതും, കുളിർ മഞ്ഞ് പെയ്തതും.

ഋതുക്കൾ മാഞ്ഞിടിലും, ഓർമയിൽ തങ്ങി നിൽപ്പൂ,

ആ സുന്ദര മോഹന ദൃശ്യങ്ങൾ.

എന്നും മനസ്സിൽ സൂക്ഷിക്കും ഞാൻ

ഒരു മയിൽപീലി വിസ്മയം കാക്കുംപോലെ.



# പൂപോലെൻ ഹൃദയം

സെബിൻ തോമസ്, X B

തേനുള്ള പൂവ് പോലെയാണെൻ ഹൃദയം,

തേനീച്ച പോലെ വരുന്ന വിഷാദം.

തേങ്ങിക്കരയാൻ കഴിയില്ലെനിക്ക്,

തേങ്ങലുകൾ ആർത്തിരമ്പുമെൻ മാനസം.

തേഞ്ഞു തീരാറായ ആത്മാവിൽ നിന്നും,

തേങ്ങൽ ഒഴിഞ്ഞിട്ട് നേരമില്ലല്ലോ.

എന്നാവും എന്നുടെ അന്തരാത്മാവിൽ,

ആനന്ദം ഉള്ളോരു നാള് വന്നീടുക.

എന്നുടെ സ്വപ്നം എത്രനാളായി,

എന്നുള്ളിലെന്നും ജ്വലിച്ചടങ്ങിടുന്നു?

കാലം വിളക്കിയ വിളക്കിനുള്ളിൽ,

തേഞ്ഞു ഉടങ്ങിയ ജീവ മോഹങ്ങളും,

മാഞ്ഞു ഉടങ്ങിയ സ്വപ്നങ്ങളും പോൽ,

എന്നുടെ അഴലുകൾ നീങ്ങുന്നതെന്നോ?



# വിധിയുടെ വിധി

ദിയ അനിൽ, VIII A

അവൻ വലിയ കുസൃതിയായിരുന്നു. അവനെ എല്ലാവർക്കും ഭയമായിരുന്നു. അങ്ങനെ അവൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് തന്നെ വില്ലൻ എന്ന പേര് നേടിയെടുത്തു. എന്നാൽ, അയാളുടെ സഹപാഠിയായ അയാൾ മാന്യനും സർവ്വരും ബഹുമാനിക്കുന്നവനും, ഏവർക്കും പ്രിയങ്കരമായിരുന്നു. വർഷങ്ങൾ പലത് കടന്നു പോയി. ലോകം മാന്യൻ എന്ന് വിധിയെഴുതിയ ആൾ പ്രദേശത്തെ കുപ്രസിദ്ധ കുറ്റവാളിയായി തീർന്നു. വില്ലനായി മുദ്രകുത്തപ്പെട്ടവൻ  സാമൂഹ്യ സേവനത്തിലൂടെ സമൂഹത്തിന് മാതൃകയുമായി. എല്ലാം വിധിയുടെ വിളയാട്ടം,  വിധിയുടെ വിധി.





# മഹത് വചനങ്ങൾ

അൽക്ക വി. അനിൽ , VI B

## ഗാന്ധിജി

- ✔ പാപത്തെ വെറുക്കണം പക്ഷേ പാപിയെ സ്നേഹിക്കുകയും വേണം.
- ✔ സത്യം ചെക്ക് ബുക്കിനെ കാൾ വിലപ്പെട്ടതാണ്.
- ✔ മനുഷ്യ സേവനം ഭക്തിയെ പോലെ തന്നെ പ്രധാനമാണ്.
- ✔ ഇഷ്ടമുള്ളതെന്തും ചെയ്യാൻ ഉള്ളതല്ല സ്വാതന്ത്ര്യം.
- ✔ അരിശം അഗ്നി പോലെയാണ് നാശം വരുത്തിയെ കെട്ടടങ്ങു.
- ✔ പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക
- ✔ പ്രാർത്ഥന പ്രഭാതത്തിൻ താക്കോൽ രാത്രിയിലെ സാക്ഷയുമാണ്.

## കുഞ്ഞുണ്ണി മാഷ്

- ✔ വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും.
- ✔ നന്നാകും എന്ന് തോന്നുന്ന ശിഷ്യനെ നന്നായി ശിക്ഷിക്കണം.

## നെപ്പോളിയൻ ബോണപ്പാർട്ട്

- ✔ ഒരുലക്ഷം ബുള്ളറ്റ് കളെക്കാൾ 3 പത്രങ്ങളെ ഞാൻ ഭയപ്പെടുന്നു.

## ബാലഗംഗാധര തിലക്

- ✔ സ്വരാജ് എന്റെ ജന്മാവകാശമാണ് ഞാനത് നേടും.

## രവീന്ദ്രനാഥ ടാഗോർ

- ✔ നിന്നെയല്ല നിന്റെ നിഴലിനെ ആണ് നീ കാണുന്നത്.

## ജോർജ് ബർണാഡ് ഷാ

- ✔ സ്വാതന്ത്ര്യം എന്നാൽ ഉത്തരവാദിത്വമാണ് അതുകൊണ്ട് തന്നെയാണ് പലരും അത് ഭയപ്പെടുന്നത്.
- ✔ ലാളിത്യമാണ് സാഹിത്യത്തിന്റെ പ്രമുഖ ഗുണം എങ്കിൽ എല്ലാ കുട്ടികൾക്കും മനസ്സിലാവുന്ന അക്ഷരമാല ആണ് മികച്ച സാഹിത്യം.

## സോക്രട്ടീസ്

- ✔ ധീരമായ പ്രവൃത്തിയുടെ സുഗന്ധമാണ് പ്രശസ്തി.

## ആൽബർട്ട് ഐൻസ്റ്റീൻ

- ✔ മതത്തെ നിഷേധിക്കുന്ന ശാസ്ത്രം മുടന്തനാണ് ശാസ്ത്രത്തെ നിഷേധിക്കുന്ന മതം കുരുടൻ ആണ്.

## ജവഹർലാൽ നെഹ്റു

- ✔ തിന്മയോട് ഒത്തുതീർപ്പ് ഉണ്ടാക്കാനുള്ള വഴിയോ പരാജയം സമ്മതിക്കുന്നത് വഴി സമാധാനം വിലയ്ക്ക് വാങ്ങാൻ കഴിയില്ല. സമാധാനത്തിന് കടകവിരുദ്ധമായ മാർഗ്ഗങ്ങൾ മുഖേനെ അതിനെ നിലനിർത്താൻ കഴിയില്ല. നമ്മുടെ നീണ്ട സ്വാതന്ത്ര്യസമരകാലത്ത് നാമൊരിക്കലും തോൽവി സമ്മതിച്ചിട്ടില്ല. തെറ്റ് എന്ന് നാം കരുതിയ ഒന്നും ആയും ഒത്തുതീർപ്പിനു സന്നദ്ധനായിരുന്നില്ല.

## കുമാരനാശാൻ

- ✔ സ്നേഹമാണ് അഖിലസാരമൂഴിയിൽ
- ✔ ഗുണികളൂഴിയിൽ നീണ്ടു വാഴാ

## എബ്രഹാം ലിങ്കൺ

- ✔ ജനാധിപത്യം എന്നാൽ ജനങ്ങൾ ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ഭരണക്രമം.

## ശ്രീനാരായണഗുരു

- ✔ മറ്റൊരാളുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ സ്നേഹമല്ലാതെ മറ്റൊരു ആയുധം ഇല്ല.
- ✔ മതമേതായാലും മനുഷ്യൻ നന്നായാൽ മതി.
- ✔ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്.

## ഡോക്ടർ. എസ് രാധാകൃഷ്ണൻ

- ✔ ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ജീവിക്കുക അല്ലെങ്കിൽ നാം മരിക്കും.
- ✔ സത്യം മനസ്സിലാക്കാൻ വിജ്ഞാനം അല്ല വേണ്ടത് ഒരു ശിശുവിന്റെ മനസ്സാണ്.



# മാർച്ച് എന്ന നോവുന്ന ഓർമ്മയ്ക്ക്….

അഷ്നമോൾ സാബു , IX A

ഒരു വാതിൽ മാത്രം തുറന്നു ഇടാറുള്ള
മുറികളെ പോലെൻ ഒറ്റച്ചിറകുള്ള
കിളികളെ നിങ്ങളും ആകാശമറിയാതെ
കൊഴിയുന്ന ഭുവലിൻ നോവ്ഓർത്തു വെക്കുമോ?
ഇവിടെ എന്നെ അറിയാത്ത കൂട്ടുകാരെ
വിട്ട് പിരിയുന്നുമില്ല ഞാൻ
ഈ വിഷാദത്തിന്റെ ചിത്രം ഒപ്പിടാൻ
ചുമർ തിരയുന്നുമില്ല ഞാൻ.
യാത്ര മോഹിച്ചു എങ്കിലും,
നിന്നിൽ അസ്ഥിത്വം ഉപേക്ഷിക്കാൻ ആകാതെ
ഏകാന്ത വ്യഥകളിൽ ഞാൻ തളർന്നിടുന്നു.
തിരികെ നീ വാങ്ങിയ പ്രിയ സൗഹൃദങ്ങൾ
മടക്കാൻ ആകുന്നില്ല എനിക്ക്.





# വന്ദേമാതരം

ദിൽജിത് വി. പി. , IX B

ആ ജയിലറയിൽ അയാൾ ഏകാഗ്രതയോടെ ഇരിക്കുകയാണ്. പെട്ടെന്ന് ജയിൽ ഉദ്യോഗസ്ഥർ വന്ന് പറഞ്ഞു, "ആസാദ്, നിങ്ങളെ കാണാൻ ആരോ വന്നിരിക്കുന്നു".അയാൾ പതുക്കെ എഴുന്നേറ്റു അവിടെ ചെന്നു. അയാൾക്ക് കാണുവാൻ കഴിഞ്ഞത് നിറകണ്ണുകളോടെ നിൽക്കുന്ന കൂട്ടുകാരെയാണ്. അയാൾ പറഞ്ഞു, " കരയരുത്. കരയുന്നത് ഭീരുക്കളാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുന്നവർ ആണ് നമ്മൾ. ചെറുപ്പത്തിൽ തന്നെ നമ്മൾ ശപഥം എടുത്തതാണ്. തളരരുത്. ഇന്ത്യൻ കൊടി പിടിച്ചു കൊണ്ട് മുന്നേറുക. സുഖദുഃഖങ്ങൾ ഇതിൽ ഉൾപ്പെടുത്തരുത്. " അയാൾ പറഞ്ഞു കഴിഞ്ഞപ്പോൾ ജയിൽ ഉദ്യോഗസ്ഥൻ പറഞ്ഞു, "നിന്റെ സമയം കഴിഞ്ഞിരിക്കുന്നു". അയാൾ ജയിലിലേക്ക് മടങ്ങി.

ആസാദ് തന്റെ പഴയകാല ജീവിതത്തിനെ കുറിച്ച് ഓർത്തു. അച്ഛന്റെ എതിർപ്പുകൾ അവഗണിച്ച് ബ്രിട്ടീഷുകാർക്കെതിരെ പോരാടിയത്, വീട്ടിൽ നിന്നിറങ്ങി പോന്നത്. എന്താണ് ഇതിൽ ഞാൻ ചെയ്ത തെറ്റ്? അയാളോർത്തു. ഒരു കൂട്ടം ജനങ്ങളെ വെടിവെച്ചുകൊന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥനെ താൻ വെടിവെച്ചുകൊന്നത് ആണോ തെറ്റ്? ഈ കൃത്യത്തിന് ബ്രിട്ടീഷുകാർ തന്നെ ശിക്ഷയാണ് വധശിക്ഷ. വധശിക്ഷയെ ഞാൻ ഭയക്കുന്നില്ല. ഇന്ത്യയെ നശിപ്പിക്കാൻ ആയി വന്ന ബ്രിട്ടീഷുകാരും അവരെ അനുകൂലിക്കുന്ന കുറെ ഇന്ത്യക്കാരും.

ദിനരാത്രങ്ങൾ കഴിഞ്ഞുപോയി. അയാളുടെ അമ്മ അയാളെ കാണാൻ വന്നു. അയാൾ ഇടറുന്ന ശബ്ദത്തിൽ അമ്മയോട് ഇങ്ങനെ പറഞ്ഞു. " നാളെയാണ് എന്നെ തൂക്കിലേറ്റുന്നത്". അത്രയേ അയാൾ പറഞ്ഞുള്ളൂ ബാക്കി മൗനം മാത്രം. പക്ഷേ, ഒട്ടേറെ ചോദ്യം ഉണ്ടായിരുന്നു. കുറച്ചു കഴിഞ്ഞ് അമ്മ ഇങ്ങനെ മറുപടി പറഞ്ഞു, " ഞാൻ പോകുന്നു. നിന്നെക്കുറിച്ച് എനിക്ക് അഭിമാനമുണ്ട്.

രാത്രിയായപ്പോൾ അയാൾ ഉറങ്ങാൻ കിടന്നു. എന്നാൽ അയാൾക്ക് ഉറക്കം വന്നില്ല. കണ്ണടയ്ക്കുമ്പോൾ മരിക്കുമോ എന്നുള്ള ഭയം. ഇല്ല പേടിക്കാൻ പാടില്ല. വീരനായ ഒരു ഇന്ത്യൻ പൗരനാണ്. പുലർച്ചെ അഞ്ചുമണിക്ക് ജയിലിൽ മണിമുഴങ്ങി. ആസാദിനെ തൂക്കിലേറ്റാനുള്ള മണി ആയിരുന്നു അത്. അങ്ങനെ ആ ധീരദേശാഭിമാനി മരണത്തെ ഒട്ടും ഭയക്കാതെ തന്നെ ഇന്ത്യയ്ക്കുവേണ്ടി രക്തസാക്ഷിയായി.



# ഒരു തൈ

ഷാരോൺമോൻ ലിജു , VII B

ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു
നടു നിവർക്കാനൊരു
കുളിർ നിഴൽ നടുന്നു.

പകൽ ഉറക്കത്തിനൊരു
മലർ വിരി നടുന്നു
ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു.

ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു
മക്കൾക്ക് തണൽ ആകാൻ
തണൽമരം നടന്നു.



തണലുള്ള ഫലമുള്ള
മരം ഉള്ള മണ്ണിൽ,
ഒരു തൈ നടാനായ്
ആളില്ല മണ്ണിൽ.

ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു.

# വായനയുടെ പ്രാധാന്യം

വിശ്വപ്രിയ ബി. , VII B

"വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും

വായിച്ച് വളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും."

കവി കുഞ്ഞുണ്ണി മാഷിന്റെ വാക്കുകൾ അർത്ഥപൂർണ്ണം ആണ്. വ്യക്തി വികാസത്തിൽ വായന ചെലുത്തുന്ന സ്വാധീനമാണ് കവി വ്യക്തമാക്കുന്നത്. സാമൂഹിക ജീവി എന്ന നിലയിൽ ഏറെ പുരോഗതി നേടിയ മനുഷ്യവർഗ്ഗത്തിന് വളർച്ചയിൽ പുസ്തകങ്ങൾ ഉള്ള സ്ഥാനം ഏറെ വലുതാണ്. അറിവിന്റെ വിശാല ലോകത്തേക്ക് മനുഷ്യന് പ്രവേശനം നൽകുന്നത് പുസ്തകങ്ങളാണ്. ഈ അർത്ഥത്തിൽ പുസ്തകങ്ങൾ നമ്മെ ആനന്ദിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. നൂറ്റാണ്ടുകൾക്കു മുൻപ് ജീവിച്ചിരുന്ന വിശിഷ്ട വ്യക്തികളുടെ പ്രതിഭ വിലാസങ്ങൾ ഇന്നും നമുക്ക് മുന്നിൽ തുറന്ന നിധികൾ ആക്കുന്നത് പുസ്തകങ്ങൾ ആണ്. മനുഷ്യവർഗ്ഗം നേടിയ മുഴുവൻ അറിവും രേഖപ്പെടുത്തി വെച്ചിരിക്കുന്നത് പുസ്തകങ്ങളിലാണ്. ബുദ്ധിവികാസത്തിനും മാനസിക ഉണർവിന് ഗ്രന്ഥപാരായണം വഴിയൊരുക്കുന്നു.



# കൃഷി ഒരു സംസ്കാരം

ലിയ മറിയം ലിജു , VII A

സംസ്കാരം എന്ന പദത്തിന് ഇംഗ്ലീഷിലെ കൾച്ചർ എന്ന വാക്ക് കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. നാടോടികൾ ആയിരുന്ന ആദിമമനുഷ്യർ കൃഷി ചെയ്തു തുടങ്ങിയപ്പോൾ മുതലാണ് സാമൂഹിക ജീവിയായി മാറിയത്. കൃഷി സംരക്ഷിക്കുന്നതിനായി ആദിമമനുഷ്യൻ അവിടെ താമസിച്ചു. അത് അവർക്ക് കൂട്ടത്തോടെ ഒരിടത്ത് സ്ഥിരമായി താമസിക്കാനുള്ള പ്രേരണയായി അങ്ങനെ ഉണ്ടായ സമൂഹത്തിൽ ആചാരങ്ങളും വിശ്വാസങ്ങളും ഉണ്ടാകുകയും സംസ്കാരം രൂപപ്പെടുകയും ചെയ്തു. ആ വിശ്വാസങ്ങളും ആചാരങ്ങളും കൃഷിയുമായി ബന്ധപ്പെട്ട വയാണ്.

കേരളത്തിൽ പ്രധാനം കൃഷിയായിരുന്നു. അതുകൊണ്ട് വയലുകൾക്ക് പ്രാധാന്യം നൽകുകയും പാഠത്തിന്റെ കരയിൽ വീടുവെച്ച് താമസിക്കുകയും ചെയ്തിരുന്നു. മിക്ക ആഘോഷങ്ങളും ആചാരാനുഷ്ഠാനങ്ങളും കൃഷിയുമായി ബന്ധപ്പെട്ടതാണ്. നെൽകൃഷി ക്കൊപ്പം കര കൃഷിയും ഇവിടെ ഉണ്ടായിരുന്നു. എങ്കിലും നെൽകൃഷിക്ക് ആയിരുന്നു പ്രാധാന്യം.

എന്നാൽ കാലം മാറിയതനുസരിച്ച് നെൽകൃഷിയുടെ പ്രാധാന്യം കുറഞ്ഞു. ഒപ്പം കര കൃഷിക്കുള്ള പ്രാധാന്യം കൂടി കര കൃഷികളിൽ തെങ്ങിൻ ആയിരുന്നു കൂടുതൽ പ്രാധാന്യം ഈ കാലത്താണ് നാണ്യവിളകളുടെ കൃഷി വ്യാപകമായത്. ഇവയിൽ കുരുമുളക് ഏലം കാപ്പി എന്നിവ ചില പ്രദേശത്ത് മാത്രം ആയി മാറിയപ്പോൾ റബ്ബർ കേരളത്തിൽ എല്ലായിടത്തും വ്യാപിച്ചു. വേറെ ഒരു കൃഷിക്കും റബറിനു ഉള്ള പ്രാധാന്യം ലഭിക്കാതെ വന്നതോടെ കരകൃഷി കളിൽ പലതും റബറിന് വഴിമാറുകയും പ്രധാനപ്പെട്ട നാണ്യവിളയായി അത് മാറുകയും ചെയ്തു. റബർ തോട്ടങ്ങൾ നാട്ടിൽ എല്ലായിടത്തും പരന്നതോടെ കൃഷി ഒരു സംസ്കാരം എന്നതിലുപരി ലാഭത്തിലുള്ള മാർഗ്ഗം ആയപ്പോൾ മണ്ണിനോടുള്ള സ്നേഹം പണത്തിനോടുള്ള സ്നേഹം ആയി മാറി.

പുതിയ നെൽവിത്തുകൾ രാസവളവും കീടനാശിനികളും ആധുനിക കൃഷി രീതികളും നെൽകൃഷിയെ ലാഭകരമാകുന്നു അതിൽ വിജയിച്ചില്ല മാത്രമല്ല കൃഷി ചെലവ് കൂടുകയും ജോലിക്ക് ആളുകളെയും ലഭിക്കാതെ വന്നു. മറ്റു മേഖലകളെ അപേക്ഷിച്ച് അധ്വാനം കൂടുകയും വരുമാനം കുറവ് എന്നതാണ് തൊഴിലാളികളെ ലഭിക്കുന്നതിന് കാരണം. മാത്രമല്ല വികസനമെന്ന പേരിൽ പാഠങ്ങൾ ഇടിച്ചുനിരത്തി റോഡുകളും കെട്ടിടങ്ങളും പണിതു. പാഠത്തിന്റെ കരയിൽ ഉണ്ടായിരുന്ന വീടുകൾ റോഡ് അരികിലായി.

നെൽകൃഷി നടത്തിയിരുന്ന പാടത്ത് കീടനാശിനികളുടെ ഉപയോഗം അചിന്ത്യമായിരുന്നു. മാത്രമല്ല അത് ഒരു മഹാപാപമായി അവർ കരുതി. എന്നാൽ ഇന്ന് എല്ലാ കൃഷിക്കും രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നു. അതുകൊണ്ട് മണ്ണിന്റെ ഫലഭൂയിഷ്ഠത കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നാം അതിന്റെ അനന്തരഫലങ്ങളും അനുഭവിച്ചു തുടങ്ങിയിരിക്കുന്നു.

കേരളത്തിലെ ഭക്ഷ്യവസ്തുക്കളുടെ 75 ശതമാനം മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നവയാണ് നാം എന്ത് ഭക്ഷിക്കണം എന്നും, എത്ര ഭക്ഷിക്കണം എന്നും എത്ര വില കൊടുത്ത് വാങ്ങണം എന്നൊക്കെ മറ്റ് സംസ്ഥാനക്കാർ ആണ് തീരുമാനിക്കുന്നത്.

ഈ അവസ്ഥയിൽ നിന്ന് ഇനിയും മാറാൻ നമുക്ക് കഴിയും. ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന റബ്ബറിന് 90% കേരളത്തിൽ നിന്നാണെങ്കിലും ഇത് നെല്ലിന് പകരമാവില്ല. കാപ്പി ഏലം കുരുമുളക് തുടങ്ങിയവയുടെ കാര്യവും ഏതാണ്ട് ഇതുപോലെ തന്നെ. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നമ്മളെക്കൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യണം. അതോടൊപ്പം സമൂഹത്തിൽ കർഷകർക്ക് പരിഗണനയും ആദരവും നൽകണം. നാം കൃഷി ചെയ്യുന്നത് പണത്തിനോടുള്ള സ്നേഹത്തിനായി അല്ല, മറിച്ച് മണ്ണിനോടുള്ള സ്നേഹത്തിൻ ആയിട്ട് മാറണം. വരുംതലമുറയ്ക്ക് കൃഷി ചെയ്യാനുള്ള പ്രേരണ ആവണം നമ്മൾ. കൃഷിയേയും മണ്ണിനെയും


നാം സ്നേഹിക്കണം. കൃഷി ഒരു ഉപജീവനമാർഗ്ഗം എന്നതിലുപരി ഒരു സംസ്കാരമായി നാം കാണണം. നാം നാണ്യവിളകൾ ഒപ്പംതന്നെ കര കൃഷിയും ധാന്യ വിളകളുടെ കൃഷിയും ചെയ്താൽ വരുംവർഷങ്ങളിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന വിഷം നിറഞ്ഞ പച്ചക്കറികളും ഭക്ഷ്യ വസ്തുക്കളുടേയും മറ്റും ഉപയോഗം കുറയ്ക്കാനാകും. സ്വന്തം വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം ഉണ്ടെങ്കിൽ അതിൽ നിന്ന് നമുക്ക് നമ്മുടെ വീട്ടിലേക്ക് ആവശ്യമായ പച്ചക്കറികൾ ലഭ്യമാക്കും. അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന വിഷം നിറഞ്ഞ പച്ചക്കറിക്ക് പകരം വിഷാംശമില്ലാത്ത പച്ചക്കറികൾ ഭക്ഷിക്കാൻ കിട്ടും ഒപ്പം ആരോഗ്യ ഒരു ജനതയെ വാർത്തെടുക്കാൻ ഇത് സഹായിക്കും.



# The Artist in me........

## Art corner





BIJEESH P R , IX B




R. GOWRIKRISHNA , VI A



THEJUS JOSE, IX B



RICKSON SUNNY, VI A



FEBIN JAMES, V



ABHIYA SABU, IX B



SHIJIN SIBY, IX A



AJMAL KHAN, VII A




JASMINE MATHEW, VII A



ANANDHU MANOJ, VII B




SHIJIN SAM , VI A

Digital Magazine


# Queen's language:

# English

# Whales

Shivin Vineeth , VII A

A whale lives in the sea. It breathes through two nostrils called a blowhole which is on top of their head. When they breathe; they send a big spray of water about 30.feet high up into the air. They do not lay eggs-they are born as little whale-calves. A group of whales are called a pod. They grow up to a 100 feet long. They weigh about 1,80,000 kilograms. A whale is a mammal. It eats about 3,500 kilograms of krill (a small fish-like animal) in a day. If it manages to stand on its tail, its height is 100 feet. They live for about 80 to 90 years.





# IF THE SUN DIDN'T RISE

**Ann Mary Raj , VIII A**

If the sun didn't rise.......
The world will be covered with darkness
The whole world would be asleep
No one will be there to wakeup
There will be no fixed time to attend school
There will be no fixed time to attend office
We will have our breakfast at our dinner time
We will have our lunch at breakfast time

If the sun didn't rise
We would not see what is in front of us 'cause it is dan
We would trip down and fall
Even in our homes
Oh where would we be.... Without the mighty sun !!

# Nature

Christopher Santhosh, X A

Nature is one of the most important things in the world. We cannot live without nature, We should save nature and not cut trees. Oxygen is our life and trees give oxygen. So save trees and plants. If we save and nurture nature, God will be pleased. We cannot predict nature, whether it will be hot, cold, rainy, dry etc. We belong to nature. We are brothers. So make nature happy. God made nature to make humans realize we are not alone. If you love God then love nature. Many countries try to save nature, and then also some people cut trees. Nature has lots of forces, some are dangerous and angry. Some are calm and nice. Don't think nature cannot turn back on us. Some forces can turn back on us like tornadoes, earthquakes etc. Nature is really mysterious and weird. Mostly plants are kind and useful but some plants like poison ash and poison ivy can even cause death. Some aspects of nature are amazing. Some are beautiful.



# MY FAVOURITE BIRD

**Lenah Mary Priyesh, V**


When I was a baby, my mother told me a story, about a beautiful bird. That bird lives in the jungle. Mother showed me the picture of that bird and told me it is our National Bird. Its name is peacock. One day father, mother and I went to the Zoo. I saw the peacock first time. Yes it is a very beautiful bird. It has colourful feathers. When I was enjoying the beauty of the peacock, suddenly it spread the feathers and started dancing. I was very happy. I love peacock very much. My favourite bird is the Peacock.



# Dream of an Orphan

Ananya Maria Nelson , IX B

When I saw my mother
I know that she loves me
Its just a sunny morning
My mind was filled thinking of her
She just makes me smile
She makes me a great person
The world is too big for me but when she comes near me
I feel like the world is too small!
We two were enjoying so much that
I feel like the months
Were turning into weeks and the weeks are turning into days
But things were not the perfect as I thought
Because its a dream of an orphan
A dream which never comes true.



# My Special Friend

Amal Manoj , VII B



Last year I found a baby squirrel. It was so tiny that it couldn't open its eyes. But its tail was long and furry. I loved to hold it in my hand and feed it milk with spoon and filler. I made a house for it out of a box and some cotton ball. I named it Jerry. After coming from school I used rush to pick it up and play with it. Jerry started growing and climbing up the curtains and railings. It became fond of peanuts. It would hold a peanut with both of its hand and gnaw it. Soon I started taking him outdoors. It would climb up the trees, jumping from one tree to another. When I call its name it would jump on my shoulder. One day while outdoors he climbed up the highest coconut tree of our backyard. I called it again and again and but it didn't come down. I cried a lot and went off to sleep. I was surprised next morning to see Jerry at home. I was happy that he could find his way back home. Now it started doing it again and again it would go and come back after few days but one day it went for ever and it didn't come back. I was initially sad and I often saw him playing along with other squirrels. I stopped calling it because I understood that nature is its home and it cannot stay in a box. It needs many squirrel friends to play with. I miss it sometimes but I am happy that it had been my special friend last year.



# My Home Away from My Home.

# Online – Offline

**Maneesha Saji , V**

When i think about online or offline classes, I will say, I prefer to be in school.

Online or offline classes were just ways of communicating with children during a pandemic season. It helped us to be on track inside the safeness of our homes.

But, it could not keep us on track with our co curricular and extra curricular growth. School is always a second home. I always love to be in my second home to learn and experience the world around me. School gives us opportunities to have a social and an emotional growth. School makes me go merry with my friends and to be targeted with my teachers. I love to be in my school, my home away from my home, to learn and to live- with life.



# Memories











Digital Magazine




MAR THOMA VOCATIONAL
HIGHER SECONDARY SCHOOL,
KUNNAM
In association with
CARD
Christian Agency for Rural Development
& actalliance
കരുതൽ സ്പർശം
Chief Guest
Rt. Rev. Thomas Mar Timotheos Episcopa
കരുതൽ സ്പർശം




MAR THOMA VOCATIONAL HIGHER SECONDARY SCHOOL KUNNAM








CARD
actalliance
COVID 19 RESPONSE
CARD

















EXCUSE ME
YOU ARE WELCOME
THANK YOU
GOOD BYE
HELLO
PLEASE
I AM SORRY
MAY I ?


Excuse me
may I ?
PLEAS E
I am sorry
You ARE welcome
Good bye




Hi








വിദ്യാവനം 2021-22











# നന്ദിയോടെ.......

ഈ മുറ്റത്ത് പൊഴിഞ്ഞ മഞ്ഞിൻ കണങ്ങളും, വളപ്പൊട്ടുകളും, ഉയർന്ന ആരവങ്ങളും നിങ്ങൾക്കു സമർപ്പിക്കുന്നു. ഓർമയുടെ ഈ ജാലകവാതിലിലൂടെ നോക്കുമ്പോൾ പെയ്യുന്ന മഞ്ഞുതുള്ളികൾ ക്കിടയിലൂടെ സ്വപ്നങ്ങളുടെ ഒരു സ്പന്ദനം മയിൽപീലി ചിറകുമായി പറന്നിറങ്ങുന്നു.....

ഏറെ പരിമിതിക്കുള്ളിൽ നിന്ന് അതിന്റെ പരിപൂർണത എത്തിച്ചത് നിങ്ങൾ ഓരോരുത്തരുടെയും സ്നേഹവും, ചെറുതും വലുതുമായ കൈത്താങ്ങലുകളും തന്നു സഹായിച്ച്, സർഗ്ഗസൃഷ്ടിയിലൂടെ ഈ വർണ്ണക്കൂട്ട് അന്വർത്ഥമാക്കിയവർ. ഇങ്ങനെ എന്റെ ഓർമ്മയിൽ എത്തിയവരും, മനഃപൂർവ്വമല്ലാതെ ഞാൻ മറന്ന ഇതിനായി സഹായിച്ച എല്ലാവർക്കും നന്ദിയുടെ ഒരായിരം പനിനീർപ്പൂക്കൾ.

രചനയുടെ മഹാത്മ്യം തിരിച്ചറിഞ്ഞ് വരുംതലമുറ സർഗ്ഗാത്മകതയിലേക്ക് മടങ്ങി വരും എന്ന ശുഭപ്രതീക്ഷയോടെ......

**എമി അലക്സാണ്ടർ**

എഡിറ്റർ

**വർണ്ണങ്ങൾ മായാജാലക്കാരാണ്......**

**പുതിയ കൂട്ടുകൾ, പുത്തൻ വിസ്മയങ്ങൾ  സൃഷ്ടിക്കും......**

**പുത്തൻ സാധ്യതകൾ, പരീക്ഷണങ്ങൾ, അനുഭവങ്ങൾ,**

**പുതിയ കൂട്ടുകൾക്കായ് കാത്തിരിക്കുന്നു.......**

